# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1540** 03.12.2018-ൽ **മറുപടിയ്ക്ക്**

## പനച്ചമൂട്, പൂഴനാട് പബ്ലിക് മാർക്കറ്റുകളുടെ നവീകരണം

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) പനച്ചമൂട്, പൂഴനാട് പബ്ലിക് മാർക്കറ്റുകൾ നവീകരിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ വഴി സമർപ്പിച്ചിരുന്ന ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | എ) യും ബി) യും തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി 63 മത്സ്യമാർക്കറ്റ് വികസനം അടങ്ങുന്ന 193.4696 കോടി രൂപയുടെ കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ 500 ലക്ഷം രൂപ അടങ്കൽ തുകയിൽ പനച്ചമൂട് മത്സ്യമാർക്കറ്റ് വികസനവും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൻപ്രകാരം കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ്, പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കി വരുന്നു. പൂഴനാട് മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതിയൊന്നും തയ്യാറാക്കിയിട്ടില്ല. |
| ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി എത്ര രൂപ വീതം വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ; | |
| സി) ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാനാകും എന്നുള്ള വിശദാംശങ്ങൾ നൽകാമോ? | സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**